**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3960** **12.12.2018-ൽ മറുപടിക്ക്**

**ഇ-ഹെൽത്ത് പദ്ധതി**

| **ചോദ്യം**<br>**ശ്രീ.കെ.എസ്.ശബരീനാഥൻ** | | **മറുപടി**<br>**കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഇ-ഹെൽത്ത് പദ്ധതി ആശുപത്രികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും പകർച്ചവ്യാധി നിയന്ത്രണത്തിനും സഹായകമായിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ആശുപത്രിയിൽ ഒരു സാംക്രമിക രോഗം നിർണ്ണയിച്ചാൽ ഉടൻ തന്നെ ഫീൽഡ്തല പ്രവർത്തകർക്ക് മുന്നറിയിപ്പ് നൽകാനുള്ള സംവിധാനം ഇ-ഹെൽത്ത് പദ്ധതിയിൽ ഉണ്ട്. പ്രതിരോധ പ്രവർത്തനങ്ങൾ താമസം വരാതെ നടത്താനും കൂടുതൽ രോഗ വ്യാപനം തടയാനും ഇതുവഴി സാധിക്കും. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 9500 ടാബ്ലെറ്റ് കമ്പ്യൂട്ടർ ഉപയോഗിച്ച് ഓരോ കുടുംബത്തിന്റെയും ആവാസ വ്യവസ്ഥയുടെ അടിസ്ഥാന പശ്ചാത്തലം വിലയിരുത്തി തയ്യാറാക്കുന്ന രേഖകൾ അടിസ്ഥാനമാക്കി ഇ-ഹെൽത്ത് പദ്ധതി പൂർണ്ണതോതിൽ നടപ്പിലാകുന്നതിലൂടെ പകർച്ചവ്യാധി പൊട്ടിപ്പുറപ്പെടാനുള്ള സ്ഥലങ്ങൾ മുൻകൂട്ടി തിരിച്ചറിയാനും പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനും സാധിക്കുന്നതാണ്. |
| (ബി) | തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ പേരൂർക്കട ആശുപത്രിയിൽ നടപ്പിലാക്കിയ പദ്ധതി വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ കണ്ടെത്തിയിട്ടുള്ള പാകപ്പിഴകൾ എന്തൊക്കെയാണ്; | (ബി) | ഉണ്ട്. ഇ-ഹെൽത്ത് സോഫ്റ്റ് വെയറിൽ ഡോക്ടർമാർക്കും, നേഴ്സ്, ഫാർമസിസ്റ്റ്, പാരാമെഡിക്കൽ വിഭാഗം ജീവനക്കാർ, ഹോസ്പിറ്റൽ അറ്റന്റർമാർ എന്നിവർക്ക് പ്രാഥമിക പരിശീലനം നൽകിയിട്ടുണ്ട്. പൈലറ്റ് ഘട്ടത്തിലുള്ള സോഫ്റ്റ് വെയറിന്റെ ചില പോരായ്മകൾ തരണം ചെയ്യുന്നതിന് സോഫ്റ്റ് വെയറിൽ മതിയായ മാറ്റങ്ങൾ വരുത്തുകയും ബന്ധപ്പെട്ട എല്ലാവർക്കും തുടർ പരിശീലനങ്ങളും നൽകി വരികയും ചെയ്യുന്നുണ്ട്. ഇതിനുപുറമേ സാങ്കേതിക പരിശീലനം നേടിയ 6 പ്രൊജക്ട് എഞ്ചിനിയർമാരെ കൈതാങ്ങിനായി പേരൂർക്കട ഹോസ്പിറ്റലിൽ നിയോഗിച്ചിട്ടുണ്ട്. |
| (സി) | ഇ-ഹെൽത്ത് പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (സി) | പദ്ധതിയുടെ പ്രവർത്തനം ഗണ്യമായി പുരോഗമിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള 13 ആശുപത്രികളിൽ പൈലറ്റ് പ്രോജക്ട് ആയി നടപ്പിലാക്കാൻ തീരുമാനിച്ച 12 ആശുപത്രികളിൽ ഹാർഡ് വെയർ, നെറ്റ് വർക്കിംഗ് സംവിധാനം എന്നിവ പൂർത്തിയാക്കി. |

| | | | |
|---|---|---|---|
| | | | സോഫ്റ്റ് വെയർ വിന്യസിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒ.പി വിഭാഗത്തിൽ ലാബ്, ഫാർമസി എന്നിവിടങ്ങളിലും ഇ-ഹെൽത്ത് സേവനം ലഭ്യമാണ് .<br>വേളി, ചെറുന്നിയൂർ, ഉഴമലയ്ക്കൽ എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ, മണമ്പൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പേരൂർക്കട ജില്ലാ മോഡൽ ആശുപത്രി, ഫോർട്ട് താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ പദ്ധതി ഇപ്പോൾ പ്രവർത്തനക്ഷമമാണ്. വെള്ളനാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിരുന്നുവെങ്കിലും ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണ ജോലികൾ നടന്നുവരുന്ന സാഹചര്യത്തിൽ ഇത് താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്. ചിറയിൻകീഴ് താലൂക്ക് ആശുപത്രി, പബ്ലിക് ഹെൽത്ത് ലാബ് എന്നിവിടങ്ങളിൽ ഇ-ഹെൽത്ത് പദ്ധതി പ്രാവർത്തികമാക്കുന്നതിന് എല്ലാ നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്.<br>9500 ടാബ്ലറ്റ് കമ്പ്യൂട്ടറുകൾ സംസ്ഥാനത്തൊട്ടാകെയായി ഇ-ഹെൽത്ത് പദ്ധതിയ്ക്ക് ഉപയുക്തമാക്കി, 35.21 ലക്ഷത്തോളം വീടുകളിൽ താമസിക്കുന്ന 1 കോടി 32 ലക്ഷത്തോളം വ്യക്തികളെ രജിസ്റ്റർ ചെയ്യുകയും, NCD, ഗർഭിണികൾക്കും കുട്ടികൾക്കും ആവശ്യമുള്ള സേവനങ്ങൾ, പകർച്ചവ്യാധി അറിയിപ്പും, നിയന്ത്രണവും (IDSP) തുടങ്ങിയ സേവനങ്ങൾ നൽകുന്നതിനുള്ള പരിശീലനം ഉടൻ ആരംഭിക്കുകയും ചെയ്യും.<br>ആർദ്രം പദ്ധതിയുടെ പ്രവർത്തങ്ങളിൽ ഇ-ഹെൽത്ത് ഭാഗമാകുന്നുണ്ട്. സംസ്ഥാനത്തെ 8 സർക്കാർ മെഡിക്കൽകോളേജുകളിലും, ഒ.പി.ട്രാൻസ്ഫോർമേഷൻ നടപ്പിലാക്കുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 19 ഡിപ്പാർട്ട്മെന്റുകളിലും, എസ്.എ.റ്റി.യിലും, കോട്ടയം മെഡിക്കൽകോളേജിലെ ഗൈനക്കോളജി വിഭാഗത്തിലും ഇത് പ്രാവർത്തികമായി. മറ്റ് മെഡിക്കൽ കോളേജുകളിൽ ഈ സാമ്പത്തിക വർഷം തന്നെ ഒ.പി വിഭാഗം പൂർണ്ണമായും ഇ- ഹെൽത്ത് സോഫ്റ്റ് വെയർ മുഖേനയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ 79 പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ഇ-ഹെൽത്ത് നടപ്പിലാക്കാൻ സജ്ജമായിട്ടുണ്ട്, നെറ്റ് വർക്കിംഗ് പൂർത്തികരിച്ച് കമ്പ്യൂട്ടറുകൾ സ്ഥാപിച്ചു വരുന്നു.<br>വയനാട്ടിലെ നൂൽപ്പുഴ, വർക്കലയിലെ |

| | | | |
|---|---|---|---|
| | | | ചെമ്മരുതി എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഇ-ഹെൽത്ത് നടപ്പിലാക്കിയിട്ടുണ്ട്. പൂഴനാട്, ആമച്ചൽ എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും, കുറ്റിച്ചൽ പ്രാഥമികാരോഗ്യകേന്ദ്രത്തിലും വ്യക്തികൾക്കുള്ള ആരോഗ്യ തിരിച്ചറിയൽ കാർഡുകളുടെ (UHID) വിതരണം ആരംഭിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും പദ്ധതി നടപ്പാക്കുന്നതിനുള്ള നെറ്റ് വർക്കിംഗ്, ഹാർഡ് വെയർ ടെണ്ടർ നടപടികൾ പൂർത്തിയാക്കി വർക്ക് ഓർഡർ നൽകിയിട്ടുണ്ട് . |
| (ഡി) | ഇ-ഹെൽത്ത് പദ്ധതിയുടെ ഭാഗമായുള്ള ആരോഗ്യവിവര ശേഖരണം പൂർത്തിയായിട്ടുണ്ടോ; ആരെയാണ് പ്രസ്തുത ചുമതല ഏല്പിച്ചിട്ടുള്ളത്; | (ഡി) | ആരോഗ്യ വിവരശേഖരണം പൂർത്തി ആയിട്ടില്ല. ആദ്യഘട്ട നടപടിയായ രജിസ്ട്രേഷൻ ആരംഭിച്ചു. ടാബ്ലെറ്റ് കമ്പ്യൂട്ടർ ഉപയോഗിച്ച് NCD, ഗർഭിണികൾക്കും കുട്ടികൾക്കും ആവശ്യമുള്ള സേവനങ്ങൾ, പകർച്ചവ്യാധി അറിയിപ്പും നിയന്ത്രണവും (IDSP) തുടങ്ങിയ സേവനങ്ങൾ ഉറപ്പാക്കുന്നതിന് പരിശീലനം സിദ്ധിച്ച ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് / ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നീ വിഭാഗം ജീവനക്കാർക്കാണ് ചുമതല നൽകിയിട്ടുള്ളത് . |
| (ഇ) | ആർദ്രം പദ്ധതിയുടെ പ്രവർത്തനങ്ങൾ ഇ-ഹെൽത്ത് പദ്ധതിയുടെ ഭാഗമാക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഇ) | ആർദ്രം പദ്ധതിയുടെ പ്രവർത്തങ്ങളിൽ ഇ-ഹെൽത്ത് ഭാഗമാകുന്നുണ്ട്. സംസ്ഥാനത്തെ ആർദ്രം പദ്ധതിയിൽ ഉൾപ്പെട്ട 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഇ-ഹെൽത്ത് സംവിധാനം ഏർപ്പെടുത്തുന്നതിന് തിരുമാനിച്ചിട്ടുണ്ട്. അതിൽ 79 കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യം ഒരുക്കികഴിഞ്ഞു. തിരുവനന്തപുരം ജില്ലയിലെ 13 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഇത് നടപ്പിലായികഴിഞ്ഞു. ശേഷിക്കുന്ന കേന്ദ്രങ്ങളിലും, മറ്റ് മെഡിക്കൽ കോളേജിലും കമ്പ്യൂട്ടർ ശൃംഖല സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. 8 സർക്കാർ മെഡിക്കൽകോളേജുകളിലും, ഒ.പി.ട്രാൻസ്ഫോർമേഷൻ നടപ്പിലാക്കുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 19 ഡിപ്പാർട്ട്മെന്റുകളിലും, എസ്.എ.റ്റി.യിലും, കോട്ടയം മെഡിക്കൽ കോളേജിലെ ഗൈനക്കോളജി വിഭാഗത്തിലും ഇത് പ്രാവർത്തികമായി. മറ്റു കേന്ദ്രങ്ങളിൽ സർവെ പൂർത്തീകരിച്ച് ഹാർഡ് വെയർ വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

ൻ